# പുതു അധ്യയന വർഷത്തിൽ

• ശാലിനി വി.എസ്. നായർ

വീണ്ടും ആഹ്ലാദകരമായ സ്കൂൾ ദിനങ്ങൾ!
വീണ്ടും വിദ്യാലയത്തിരുമുറ്റത്തെത്താം!!

അങ്ങനെ തിമിർത്തു കളിയാടിയ അവധിക്കാലം കഴിയാറായി. ഇനി വീണ്ടും സ്കൂളിലേക്ക്. പുതിയ അധ്യയന വർഷം ആരംഭിക്കുന്ന ഈ വേളയിൽ കൂട്ടുകാർ എന്തൊക്കെ കാര്യങ്ങൾ ചെയ്യുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്?

പുതിയ പാഠങ്ങൾ നന്നായി, ചിട്ടയായി പഠിക്കുന്നതിനോടൊപ്പംതന്നെ മറ്റനേകം പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് പുതിയ അധ്യയന വർഷം ആഹ്ലാദകരവും, പ്രയോജനപ്രദവുമാക്കി മാറ്റാം.

## പുതിയ കൂട്ടുകാരെ നേടാം

പുതിയ അധ്യാപകരെയും കുട്ടികളെയും ആദ്യമായി കാണുന്ന വേളയിൽ കുറച്ച് സങ്കോചമൊക്കെ കൂട്ടുകാർക്ക് തോന്നിയേക്കാം. എന്നാൽ എത്ര പെട്ടെന്നാണ് അവരെല്ലാം നമ്മുടെ ജീവിതത്തിന്റെ ഭാഗമായി മാറുന്നത്!

കളിചിരിയിലൂടെയും, കൂട്ടായ പഠനങ്ങളിലൂടെയും സ്കൂൾ കാലഘട്ടം മനോഹരമാക്കാം.

അതിനായി തുറന്ന മനസ്സോടെ കൂട്ടുകാരുമായി സൗഹൃദം പങ്കിടണം. വിദ്യയും, ഭക്ഷണവും പരസ്പരം പങ്കുവയ്ക്കണം. എന്നാൽ ചീത്ത കൂട്ടുകെട്ടുകളിൽപ്പെട്ട് സ്വയം നശിക്കാൻ ഇടവരരുത്. കഴിയുമെങ്കിൽ അവരെക്കൂടി നേർവഴി നടത്തുവാനായി ശ്രമിക്കണം.



ഫോട്ടോ: അലിഷാ

## സ്കൂളുകളിൽ തണലൊരുക്കാം

ഈ വേനൽക്കാലത്തെ അത്യുഷ്ണത്തിന്റെ തീവ്രത നാമെല്ലാവരും അനുഭവിച്ചുവല്ലോ. ഇനി വരുംകാലത്തെങ്കിലും ചൂടിനെ പ്രതിരോധിക്കുവാനായി കൂട്ടുകാർ ഗ്രൂപ്പുകളായി തിരിഞ്ഞ് ചാമ്പ, നെല്ലി, പേര, മാവ് തുടങ്ങിയ വൃക്ഷങ്ങൾ വീട്ടുവളപ്പിലും സ്കൂൾ പരിസരത്തുമൊക്കെ നട്ടുപിടിപ്പിക്കൂ.

മരങ്ങൾക്ക് ഓരോരോ ഗ്രൂപ്പിന്റെ പേരുകൾ നൽകി സംരക്ഷിക്കുന്നത് എത്ര രസകരമായിരിക്കും അല്ലേ?! കൂടാതെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള കായ്കനികൾ പങ്കിടുന്നത് എത്രയേറെ സന്തോഷപ്രദമായിരിക്കുമെന്ന് ചിന്തിച്ചുനോക്കൂ.

## പ്രകൃതിയോട് കൂട്ടുകൂടാം

വിദ്യാലയങ്ങളിൽ മാത്രമല്ല, വീട്ടിലും പാർ



ഫോട്ടോ: അലീഷ

ക്കിലും പാതയോരങ്ങളിലുമൊക്കെ കൂട്ടുകാർ കൂട്ടുചേർന്ന് മരങ്ങൾ വെച്ചുപിടിപ്പിക്കൂ. ഇത് കണ്ടിട്ടെങ്കിലും യാതൊരു മടിയുമില്ലാതെ മരങ്ങൾ വെട്ടിനിരത്തുന്ന മുതിർന്നവരുടെ കണ്ണുകൾ തുറക്കട്ടെ.

സ്ഥലപരിമിതിയാണ് പ്രശ്നമെങ്കിൽ തെച്ചി, അരളി എന്നിങ്ങനെയുള്ള കുറ്റിച്ചെടികൾ നട്ടുപിടിപ്പിക്കാം. നമുക്കു ചുറ്റും പുഞ്ചിരി തൂകുന്ന പൂക്കളും, പാറിപ്പറക്കുന്ന പൂമ്പാറ്റകളും നിറയട്ടെ.

## വൃത്തിയിലേക്കൊരു ചുവടുവയ്പ്പ്

ഇപ്പോൾ നമ്മുടെ വഴിയോരങ്ങൾ എത്ര വൃത്തിഹീനമാണ് അല്ലേ! അവധി ദിനങ്ങളിലോ മറ്റോ കൂട്ടുകാർ സംഘമായി ചേർന്ന് ചപ്പുചവറുകൾ ശേഖരിച്ച് നിർമ്മാർജനം ചെയ്യുന്നത് എത്ര നല്ല കാര്യമാണ് അല്ലേ!

കൂടാതെ ക്ലാസ്മുറികളിൽ ചവറ്റുകുട്ടകൾ വയ്ക്കാം. അവ ഉപയോഗിക്കാൻ സഹപാഠികളെ പ്രേരിപ്പിക്കാം.

## അടുക്കും ചിട്ടയും കൈവരിക്കാം

സ്കൂൾ പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിനൊപ്പം വ്യക്തി ശുചിത്വവും പാലിക്കാം. ഒപ്പം പാഠപുസ്തകങ്ങൾ അടുക്കും ചിട്ടയോടുംകൂടി സൂക്ഷിക്കാം. അന്നന്നുള്ള പാഠങ്ങൾ വീട്ടിലെത്തിയാൽ ഒരാവൃത്തിയെങ്കിലും വായിക്കുമെന്ന് പ്രതിജ്ഞ ചെയ്യാം.

കൂടാതെ ഗൃഹപാഠങ്ങൾ ശ്രദ്ധയോടെ പൂർത്തിയാക്കാം. കേട്ടിട്ടില്ലേ, മടിയൻ മല ചുമക്കുമെന്ന്! അതിനാൽ പരീക്ഷത്തലേന്ന് വെപ്രാളപ്പെടാതിരിക്കുവാനായി പാഠങ്ങൾ പഠിക്കുന്നത് മാറ്റിവയ്ക്കാതിരിക്കാം. അതിനോടൊപ്പംതന്നെ കലാ-കായിക രംഗത്ത് മുന്നേറാം.

## സാമൂഹിക പ്രതിബദ്ധതയുള്ളവരാകാം

നമ്മുടെ ചുറ്റുവട്ടത്ത് സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങളാൽ കഷ്ടപ്പെടുന്ന ധാരാളം പേരുണ്ട്. 'അണ്ണാൻ കുഞ്ഞിനും തന്നാലായത്' എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ? അധ്യാപകരുടെ നേതൃത്വത്തിൽ ഭക്ഷണമോ, പണമോ സ്വരൂപിച്ച് പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ ശ്രമിക്കൂ.

കൂടാതെ പലവിധ കാരണങ്ങളാൽ വിദ്യാഭ്യാസം നേടാനാവാത്തവർക്കായി അവധി ദിനങ്ങളിൽ സാക്ഷരതാ ക്ലാസുകൾ സംഘടിപ്പിക്കാൻ ശ്രമിക്കൂ.

## അറിവുകൾ നേടാം

വിദ്യാലയങ്ങളിലെയും നാട്ടിലെയും ഗ്രന്ഥശാലകളെ പരമാവധി പ്രയോജനപ്പെടുത്താൻ മറക്കരുതേ. പാഠപുസ്തകങ്ങൾക്ക് പുറമെ പത്രങ്ങളിൽ നിന്നും, നല്ല പുസ്തകങ്ങളിൽ നിന്നും ധാരാളം അറിവ് നേടാം. 'വിദ്യയാണ് ശക്തി'യെന്ന് തിരിച്ചറിയണം. കൈവശമുള്ള പുസ്തകങ്ങളും അറിവുകളും പരസ്പരം പങ്കുവയ്ക്കാം. 'നൽകുന്തോറുമേറിടും വിദ്യ തന്നെ മഹാധനം' എന്ന പാഠം കൂട്ടുകാർ തീർച്ചയായും തിരിച്ചറിയണം.

✦